# ആന

| | |
|---|---|
| **SC:1**<br><br>Int.morning<br><br>Police station | |
| അമ്പിയും ലാലിയും SI യുടെ മുന്നിൽ<br><br>ജെട്ടിപ്പുറത്ത് നിൽക്കുന്നു.കച്ചംമ്പർ ദാസനും കൂട്ടരും ജയലിനു അകത്ത്,<br><br>സ്റ്റേഷന് പുറത്ത് കൂടിനിൽക്കുന്ന ആളുകളും ആനയും.<br><br>SI യുടെ ചോദ്യത്തിന് അമ്പി സംഭവം വിവിരിക്കുന്നു. | |
| **SC: 2**<br><br>Ext. പുലർച്ചെ 2 AM<br><br>നാടകവണ്ടി | |
| ഓടിക്കൊണ്ടിരിക്കുന്ന നാടകവണ്ടി, ഉള്ളിൽ നാടക വേഷത്തിൽ ഇരുന്നുറങ്ങുന്ന നാടകക്കാർ. വണ്ടി പൂരപ്പറമ്പിലേക്ക് കയറുന്നു, അവരെ കാത്തു നിൽക്കുന്ന കമ്മറ്റിക്കാർ. | |
| **SC: 2 A**<br><br>Ext. പുലർച്ചെ 2 AM<br><br>അമ്പലം | |

| | |
|---|---|
| നമ്പ്യാത്ത് കാവ് ക്ഷേത്രത്തിൽ ഒരു ഒഴിഞ്ഞ സ്റ്റേജ്. അതിനു മുന്നിൽ ഇരിക്കുന്ന കാണികൾ അവിടേക്ക് വൈകി കടന്നു വരുന്ന നാടക ട്രൂപ്പ്,അവരെ സ്വീകരിക്കുന്ന അമ്പല കമ്മിറ്റി. മാന്യമായി സ്വീകരിക്കുന്നു ഇന്ന് കളിക്കാൻ ഇരുന്ന നാടകം നാളെ കളിക്കാൻ തീരുമാനമാകുന്നു. നാടകക്കാരെ അതുവരെ മുറിയിൽ പൂട്ടി ഇടുന്നു | |
| **SC: 3**<br>Ext.പുലർച്ചെ 3 AM<br>പള്ളിപ്പുറമ്പ്,കുന്നംകുളം | **മൊണ്ടാഷ്** |
| പള്ളിപ്പുറമ്പിൽ നിന്നും ആനയെ ലോറിയിൽ കയറ്റുന്ന അമ്പി. ലാലിയുടെ ഫോൺ വരുന്നു , നമ്പ്യാത്ത്കാവിലെ പൂരത്തിന് കാലത്ത് എത്താമെന്നു പറയുന്ന ലാലി. | |
| **SC: 4**<br>Ext. പകൽ 6 AM<br>Ambalam | |
| നമ്പ്യാത്ത് കാവിലെ ഉത്സവ ഒരുക്കങ്ങൾ<br>അമ്പലപരിസരത്ത് കാണുന്ന പ്രണയജോടികൾ പ്രണയനിമിഷങ്ങൾ<br>ചായക്കട<br>7 AM ആന വണ്ടിയുമായി വരുന്ന | |

| | |
|---|---|
| ആനക്കാർ<br><br>ആനയെ വരവേൽക്കുന്ന ആളുകൾ<br><br>കമ്മറ്റിക്കാർ ചേർന്ന് ആനയുടെ ഫ്ലെക്സ് വലിച്ചു കെട്ടുന്നു.<br><br>അതിലൂടെ മുബൈലിൽ ആരോടോ കൊഞ്ചി ഫ്ലെക്സ് നോക്കി പോകുന്ന ഞരമ്പൻ | |
| **SC: 5**<br><br>**പകൽ**<br><br>**ഫോൺ കോൾ**<br><br>ലോറി/ ലാലിയുടെ കാർ | |
| റോഡ് സൈഡിൽ എവിടേയോ നിർത്തിയിട്ടിരിക്കുന്ന കാർ,കാറിൽ ഇരിക്കുന്ന ലാലി അമ്പിയേ ഫോൺ വിളിക്കുന്നു.ലാലിയോട് പൂരപ്പറമ്പിലേക്ക് വരാൻ അമ്പി പറയുന്നു. | |
| **SC: 6**<br><br>Ext. പകൽ<br><br>റോഡ് സൈഡ് | |
| കാർ സ്റ്റാർട്ട് ചെയ്തു മുന്നോട്ട് എടുക്കുന്ന ലാലി , വരുന്ന വഴിയിൽ വണ്ടി ബൈക്കിൽ തട്ടുന്നു.ബൈക്കുകാരനുമായി ഉണ്ടാകുന്ന ഒരു അടിപിടി.കാറിന്റെ കീ ബൈക്കുകാരന് കൊടുത്ത് ഓട്ടോ പിടിച്ചു പോകുന്ന ലാലി | |

| | |
|---|---|
| **SC: 7**<br><br>Ext. പകൽ<br><br>ചായക്കട | |
| ചായക്കടയിൽ പൂരക്കാര്യം സംസാരിച്ചിരിക്കുന്ന പൊട്ടച്ചിറ ഹരി.അതിലൂടെ കടന്നു പോകുന്ന ആനവണ്ടി. | |
| **SC: 8**<br><br>Ext. പകൽ<br><br>Ambalam | |
| ആന വണ്ടി അമ്പലത്തിലേക്ക് വരുന്നു.ആനയെ വണ്ടിയിൽ നിന്നും ഇറക്കുന്നു.ആനയെ വരവേറ്റു കൊണ്ട് കമ്മറ്റിക്കാർ നടത്തുന്ന ശിങ്കാരിമേളം . കൂടിനിൽക്കുന്ന ആളുകൾ ആനയെ കുറിച്ച് സംസാരിക്കുന്നു. അമ്പല പരിസരത്തേക്ക് വരുന്ന ഗരുഡനാട്ടം കലാകാരൻ | |
| **SC: 8A**<br><br>Ext. പകൽ<br><br>Ambalam | |

| | |
|---|---|
| ശിങ്കാരിമേളവും ആഘോഷങ്ങളും നടക്കുന്നതിന്റെ ഇടയിൽ അവിടേക്ക് ഓട്ടോയിൽ വന്നിറങ്ങുന്ന ലാലി.അവിടെ നിൽക്കുന്ന കണ്ണൻ ഗ്യാങ്ങ്.ത്രീ ഫോർത്തും ബനിയനും കൂളിംഗ് ഗ്ലാസും ആണ് ലാലിയുടെ വേഷം.ആന വണ്ടിയിൽ നിന്നും ഇറങ്ങി നടന്നു വരുന്നു കുട്ടികൾ പൂക്കൾ എറിഞ്ഞ് ആനയെ വരവേൽക്കുന്നു.ലാലിയും അമ്പിയും പരസ്പരം കാണുന്നു ഹാപി മൂഡ്.ആനയെ നടത്തി അമ്പലപറമ്പിലേക്ക് കൊണ്ട്പോകുന്ന അംബിയും സുബിയും.<br><br>മേളം ആസ്വദിച്ചുകൊണ്ട് തൊട്ടടുത്ത കടയിലേക്ക് പോകുന്ന ലാലി. ലാലിയുടെ കാട്ടിക്കൂട്ടലുകൾ കണ്ട് പൊളിയുന്ന കണ്ണനും ഗ്യാങ്ങും, ലാലിയുമായി തോട്ടി പിടിക്കുന്നു. | |
| **SC: 9**<br><br>Ext. പകൽ<br><br>അമ്പലം | |
| ഏദനെ വിളിച്ച് പൂരപ്പറമ്പിലേക്ക് വരാൻ പറയുന്ന ലാലി. | |

| | |
|---|---|
| **SC: 10**<br><br>Ext. പകൽ<br><br>കവല | |
| കവലയിലേക്ക് വന്നു നിൽക്കുന്ന ടെമ്പോ ട്രാവലർ. അതിൽ നിന്നും ഇറങ്ങുന്ന ഗുണ്ടകൾ.തൊട്ടടുത്ത ബേക്കറിയിൽ കയറി സുഹൃതതായ കച്ചമ്പർ ദാസനുവേണ്ടി കേക്ക് വാങ്ങുന്നു. | |
| **SC: 11**<br><br>Int. പകൽ<br><br>കച്ചമ്പർ ദാസന്റെ വീട് | |
| സുഹൃത്തുക്കളുമായി ആഘോഷപൂർവ്വം കേക്ക് മുറിക്കുന്ന കച്ചമ്പർ ദാസൻ. | |
| **SC: 12**<br><br>Ext. പകൽ<br><br>റോഡ് | |

| | |
|---|---|
| ഏദന്റെ സ്ക്കൂട്ടറിൽ പള്ളിയിലേക്ക് പോകുന്ന ലാലി. | |
| **SC: 13**<br><br>Int.പകൽ<br><br>Ambalam/ഡ്രസ്സിങ്ങ് റൂം | |
| നാടക്കത്തിലെ സീരിയൽ താരം ദേവ് ഇന്ന് വൈകുന്നേരം ഷൂട്ടിങ്ങിന് പോകണം എന്ന് പറഞ്ഞ് ഒച്ചപ്പാട് ഉണ്ടാക്കുന്നു. | |
| **SC: 14**<br><br>Ext. പകൽ<br><br>കല്യാണ വീട് | |
| ഏദനും ലാലിയും കൂട്ടുകാരും കാർന്നോന്മാരും പാചകപുരയിൽ ഇരുന്ന് വെള്ളമടി | |

| | |
|---|---|
| **SC: 15**<br><br>Int. പകൽ<br><br>കമ്മറ്റി ഓഫിസ് | |
| സീരിയൽ നടൻ മുങ്ങിയതിനെ തുടർന്ന് നാടകക്കാരെ വിരട്ടുന്ന കമ്മിറ്റിക്കാർ ,മേളക്കാരൻ സുരേന്ദ്രൻ കടന്നുവന്നു ആ വേഷം ചെയ്യാമെന്ന് ഏൽക്കുന്നു | |
| **SC: 16**<br><br>Ext. പകൽ<br><br>Ambalam/പ്രസാദൂട്ട് | |
| അമ്പലത്തിൽ പ്രസാദൂട്ട് നടക്കുന്നു.അവിടെ ഇരുന്ന് ഭക്ഷണം കഴിക്കുന്ന കണ്ണനും ഗ്യാങ്ങും, പ്രസിഡന്റിന്റെ മകനും , കാലത്ത് ലാലിയുമായി ഉണ്ടായ അടിപിടിയെകുറിച്ച് പറഞ്ഞു പൊളിഞ്ഞിരിക്കുന്ന അവർ. അവിടേക്ക് വരുന്ന പ്രസിഡന്റ് കണ്ണനും ഗ്യാങ്ങുമായി കശപിശ ഉണ്ടാകുന്നു. | |
| **SC: 17**<br><br>Int. പകൽ<br><br>കല്യാണവീട് | |

| | |
|---|---|
| കല്യാണവീട്ടിൽ വെള്ളമടി സ്ഥലത്ത് ഉണ്ടാകുന്ന പൂരയിടി , ഇടി തുടങ്ങിവച്ച് മാറിനിൽക്കുന്ന ലാലി . ഇടി കൊള്ളുന്ന ഏദൻ. | |
| **SC: 17A**<br><br>Ext. പകൽ<br><br>Ambalam/പ്രസാദൂട്ട് | |
| കണ്ണനും ഗ്യാങ്ങും കമ്മറ്റിക്കാരുമായി അടി നടക്കുന്നു. | |
| **SC: 17B**<br><br>Int. പകൽ<br><br>കല്യാണവീട് | |
| ചെക്കന്റെ അച്ഛനും കാർന്നോമാരും പരസ്പരം പൊരിഞ്ഞ അടി ,മാറി നിന്ന് ഇടി ആസ്വദിച്ച് വെള്ളമടിക്കുന്ന ലാലി | |

| | |
|---|---|
| **SC: 18**<br><br>Int. പകൽ<br><br>ദാസന്റെ വീട് | |
| പട്ടവെട്ടാൻ പോകുന്ന രണ്ടാം പാപ്പാൻ സുബീഷും സുഹൃത്തുക്കളും പട്ടവെട്ടൽ നിർത്തിവച്ച് കച്ചംബർ ദാസന്റെ വീട്ടിൽ ഇരുന്നു വെള്ളമടിക്കുന്ന സുബീഷ് അവരോടുകൂടെ പാട്ടുപാടി ഡാൻസ് കളിക്കുന്നു.കൂട്ടത്തിൽ ഇരുന്ന് വെള്ളമടിക്കുന്ന ഗരുഡൻ | |
| **SC: 19**<br><br>Ext. പകൽ<br><br>Ambalam | |
| അമ്പിയും സുഹൃത്തുക്കളും സുബീഷിനെ കാത്ത് ആനയ്ക്ക് അരികിൽ ഇരുന്ന് വെള്ളമടിക്കുന്നു.. | |
| **SC: 20**<br><br>Ext. പകൽ<br><br>ബൈക്ക് റൈഡ് | |

| | |
|---|---|
| ബീഫ് കറിയിലും മാങ്ങാകറിയിലും കുളിച്ചിരിക്കുന്ന ഏദൻ. ഏദന്റെ പുറകിൽ ബൈക്കിൽ നിർത്താതെ ചിരിച്ചുകൊണ്ടിരിക്കുന്ന ലാലി. | |
| **SC: 21**<br>Ext. പകൽ<br>അമ്പലപരിസരം | |
| പാട്ടക്കാരൻ പൊട്ടച്ചിറ ഹരിയും പ്രസിഡനറും ഇരുന്നു വെള്ളമടി, പ്രസാദൂട്ട് സമയത്ത് അടി ഉണ്ടായതിനെ പ്രസിഡന്റിനെ ഉപദേശിക്കുന്ന ഹരി | |
| **SC: 22**<br>Ext. പകൽ<br>ആനയെ കെട്ടിയതിന്റെ പരിസരം | |
| വിനീതും മീരയും പൂരത്തിന്റെ അന്ന് ഒളിച്ചോടുന്നതിനെ കുറിച്ച് പ്ലാൻ ചെയ്യുന്നു.<br>വെള്ളമടിക്കുന്നതിനിടയിൽ ഇത് കാണുന്ന അമ്പി. | |

| | |
|---|---|
| **SC: 23**<br><br>Int. പകൽ<br><br>റിഹേസൽ ക്യാംമ്പ് | |
| മേളക്കാരൻ സുരേന്ദ്രനെ നാടകം പഠിപ്പിക്കുന്നു . | |
| **SC: 24**<br><br>Ext. പകൽ<br><br>ആനെയെ കെട്ടിയ പരിസരം. | |
| ആനെയെ കുളിപ്പിക്കുന്ന അമ്പി, അവിടേക്ക് വരുന്ന ലാലിയും ഏദനും. അവർ കമ്പിനി അടിച്ച് അടുത്ത ഒരു ലിറ്റർ പൊട്ടിക്കുന്നു.ഒപ്പം ആനെയെയും കുളിപ്പിക്കുന്നു.ലാലിയെ ആനക്കാരുടെ ഒപ്പം കാണുന്ന കണ്ണൻ ഗ്യാങ്ങ്. കഴുകി തീരുമ്പോളെക്കും അവിടേക്ക് പട്ടയും സുഹൃത്തുക്കളുമായി ആടിഉലഞ്ഞെത്തുന്ന സുഭീശ്. | |
| **SC: 25**<br><br>Ext. പകൽ<br><br>അമ്പലപരിസരം | |

| | |
|---|---|
| മേളത്തിന് ചെണ്ടയൊരുക്കുന്ന സുരേന്ദ്രനും കൂട്ടരും അത് കാണാൻ ഇരിക്കുന്ന നാടകക്കാരും നാട്ടുകാരും ഇതിനിടയിൽ സുരേന്ദ്രനെ നാടക ഡയലോഗ് ഓർമ്മിപ്പിക്കുന്ന സഹനടന്മാർ, അവിടേക്ക് വരുന്ന പ്രസിഡന്റ് | |
| **SC: 26**<br>Ext. പകൽ<br>അമ്പലപരിസരം | |
| ആനെയെ കുളിപ്പിച്ച് കുറിയിടുന്ന അമ്പി , ലാലി , സുഭി. ഡ്രസ്സ് മാറാൻ വീട്ടിലേക്ക് പോകുന്ന ഏദൻ. അവിടേക്ക് വരുന്ന പാട്ടക്കാരൻ ഹരി .ആനെയെ ഒരുക്കി അമ്പലത്തിലേക്ക് പോകുന്ന അവർ | |
| **SC: 27**<br>Ext. പകൽ<br>ഒഴിഞ്ഞ സ്ഥലം | |
| കണ്ണൻ ഗ്യാങ്ങ് ആൽമരത്തിന്റെ സൈഡിൽ ഇരുന്നു ചെറിയ വെള്ളമടി.ലാലിയെ ഇടിക്കാൻ പ്ലാൻ ചെയ്യുന്നു | |

| | |
|---|---|
| **SC: 28**<br><br>**സോങ്ങ് മൊണ്ടാഷ്** | |
| ഒരുങ്ങി നിൽക്കുന്ന ആന, മേളം കൊഴുക്കുന്നു. കണ്ണൻ ഗ്യാങ്ങ് ലാലിയെ നോക്കുന്നു, ലാലി തിരിച്ച് അവരെയും ശ്രദ്ധിക്കുന്നു.മീരയെ നോക്കുന്ന വിനീത്. മേളം നടക്കുന്നതിനിടയിൽ ഡയലോഗ് ആലാജിക്കുന്ന സുരേന്ദ്രൻ. ഇത് ശ്രദ്ധിക്കുന്ന നാടകക്കാർ, അവരെ കാണുമ്പോൾ എല്ലാം ok എന്ന് പറഞ്ഞു മേളം തുടരുന്ന സുരേന്ദ്രൻ ഉത്സവം കൊഴുക്കുന്നു. | |
| **SC: 29**<br><br>Int. പകൽ<br><br>കച്ചമ്പർ ദാസന്റെ വീട് | |
| അടിച്ച് പറ്റായിരിക്കുന്ന ദാസൻ തൊട്ടടുത്ത് അടിച്ചു കിറിങ്ങി ഇരിക്കുന്ന ഗരുഡൻ . ഗരുഡനെ മാറ്റി അമ്പലത്തിലേക്ക് തന്റെ സഹ ഗുണ്ടയെ വിടുന്ന ദാസൻ , ആടിപോകുന്ന ഗരുഡൻ | |
| **SC: 30**<br><br>Ext. പകൽ<br><br>**അമ്പലപരിസരം** | |

| | |
|---|---|
| ആനയെത്തി മേളം തുടങ്ങി. ആനയുടെ അടുത്ത് ലാലിയും അമ്പിയും, പട്ടവെട്ടി നിക്കുന്ന സുഭീഷ്. അവിടേക്ക് വരുന്ന കച്ചമ്പർ ദാസനും അവരുടെ ടീംസും | |
| **SC: 31**<br>Ext. വൈകീട്ട്<br>അമ്പലപരിസരം | |
| കമ്മറ്റിക്കാർ പിള്ളേർ ഒരു ലിറ്ററുമായി വരുന്നു , അമ്പി ലാലിയെ ഏൽപ്പിക്കുന്നു, ലാലി മിക്സ് ചെയ്യാൻ പോകുന്നു. | |
| **SC: 32**<br>Int/Ext. വൈകീട്ട്<br>മീരയുടെ വീട് | |
| മീര ബാഗ് പാക്ക് ചെയ്ത് രാത്രി ഒളിച്ചോട്ടം സെറ്റ് ചെയ്യുന്നു.കൂടുകാരുടെ ഇടയിൽ നിന്ന് മുങ്ങാൻ ശ്രമിക്കുന്ന വിനീത്. | |

| | |
|---|---|
| **SC: 33**<br><br>Ext. വൈകീട്ട്<br><br>അമ്പലപരിസരം | |
| വെടിക്കെട്ട് ഒരുക്കങ്ങൾ നടക്കുന്നു. ക്യാമറ പാൻ ചെയ്യുമ്പോൾ അവിടെ അമ്പലനടയിൽ നിക്കുന്ന സുന്ദരിയായ വെടി. ക്യാമറ ഫോക്കസ് ഷിഫ്റ്റ് ചെയ്യുമ്പോൾ അവരെ നോക്കി നിൽക്കുന്ന ഞരമ്പൻ . | |
| **SC: 33**<br><br>Ext. വൈകീട്ട്<br><br>അമ്പലപരിസരം | |
| എഴുന്നള്ളിച്ച് നിൽക്കുന്ന ആന, അടുത്ത് ഒന്നാം പാപ്പന്റെ ഗൗരവത്തിൽ നിൽക്കുന്ന സുഭീഷ്. ആനയുടെ പുറകിൽ നിന്ന് പരസ്യമായി വെള്ളമടിക്കുന്ന ലാലിയും അമ്പിയും. വാള് വെക്കുന്ന അമ്പി. വച്ച വാള് തൂത്ത് അടിച്ചുകൊണ്ടിരിക്കുന്ന പെഗ്ഗ് ഫിനീഷ് ചെയ്യുന്ന അമ്പി. അത് നോക്കി നിക്കുന്ന കണ്ണനും ഗ്യങ്ങും. അവിടേക്ക് ഒരു എലിച്ച പയ്യൻ ആനയ്ക്ക് കൊടുക്കാൻ പഴവുമായി വരുന്നു.അവനെ വടിക്കടിച് ഇടുന്ന അമ്പി. | |

| | |
|---|---|
| **SC: 34**<br><br>Ext. വൈകീട്ട്<br><br>അമ്പലപരിസരം/ഗരുഡനാട്ടം | |
| ഗരുഡനാട്ടം ആസ്വദിക്കുന്ന ദാസനും ഗ്യങ്ങും,അവിടേക്ക് പരാതി പറയാൻ വരുന്ന എല്ലിച്ച പയ്യൻ.അവനെ ഒഴിവാക്കി വിടുന്ന ദാസൻ | |
| **SC: 35**<br><br>Ext. വൈകീട്ട്<br><br>അമ്പലപരിസരം | |
| എല്ലിച്ച പയ്യനും കണ്ണനും ഗ്യങ്ങും ആനക്കാരുടെ അരികിലേക്ക് , അവിടെ പ്രശനം സംസാരിച്ച് ചെറിയ വഴക്ക് തുടങ്ങുന്നു, ഇത് കണ്ടു വരുന്ന ലാലി അതിൽ ഇടപെടുന്നു .അവരെ പിടിച്ചു മാറ്റാൻ വരുന്ന വിനീത് ലാലിയെ മാറ്റി നിർത്താൻ ശ്രമിക്കുന്നു . നിലത്ത് വീഴുന്ന ലാലി തന്റെ വള ഊരി ആഞ്ഞു വീശുന്നു, വിനീതിന്റെ തല പൊട്ടി ചോര ചീറ്റുന്നു. വെടിക്കെട്ട് പൊട്ടി തുടങ്ങുന്ന ഒച്ച കേൾക്കാം . ലാലിയുടെയും അമ്പിയുടെയും റിയാക്ഷൻ . താഴെ വീണു കിടക്കുന്ന വിനീതിനെ നോക്കുന്ന കണ്ണനും ഗ്യങ്ങും | |

# INTERVAL

| | |
|---|---|
| **SC: 36**<br>Int. വൈകീട്ട്<br>പോലീസ്  സ്റ്റേഷൻ | |
| | |
| **SC: 37**<br>Ext. വൈകീട്ട്<br>അമ്പലപരിസരം | |

| | |
|---|---|
| ഇടി നടന്ന സ്ഥലം<br>അബോധാവസ്ഥയിൽ നിന്നും<br>ഉണരുന്ന വിനീത് അവിടെ<br>നിൽക്കുന്ന ലാലി , അമ്പി , കണ്ണനും<br>ഗ്യങ്ങും . ആനക്കാരും കണ്ണനും<br>ഗ്യങ്ങുമായി വെല്ലുവിളി നടത്തുന്നു<br>എല്ലാവരുടെയും ശ്രദ്ധ അവിടേക്ക്.<br>മേളം നിൽക്കുന്നു .മൊത്തത്തിൽ<br>പ്രശ്നമാകുന്നു. | |
| **SC: 38**<br><br>Ext. വൈകീട്ട്<br><br>കച്ചമ്പർ ദാസന്റെ വീട് | |
| ദാസൻ വീട്ടിൽ ഇരുന്ന് ഭക്ഷണം<br>കഴിക്കുന്നു, അവിടേക് പിണ്ടി<br>ഓടിവന്ന് ആനക്കാർ വിനീതിന്റെ<br>തല അടിച്ചു പൊട്ടിച്ച കാര്യം<br>പറയുന്നു...അവരെ ഇടിക്കാൻ<br>പൂരപ്പറമ്പിലേക്ക് പോകുന്ന ദാസൻ, | |
| **SC: 39**<br><br>Ext. വൈകീട്ട്<br><br>അമ്പലപരിസരം | |
| ഇടി കണ്ട് അവിടേക്ക് വരുന്ന<br>കമ്മറ്റിക്കാരും പ്രസിഡന്റും .<br>കണ്ണനും ഗ്യങ്ങും ആനക്കാരും<br>പൊരിഞ്ഞ വാക്കുതർക്കം , ഇടയിൽ<br>പെട്ട് നിൽക്കുന്ന വിനീത് , അമ്പി<br>ആനയുടെ മുകളിൽ ഇരിക്കുന്നവരെ<br>എറക്കി വിടുന്നു മൊത്തത്തിൽ<br>ഉത്സവം നിന്നു. | |

| | |
|---|---|
| **SC: 40**<br><br>Ext. രാത്രി<br><br>അമ്പലപരിസരം | |
| അമ്പലപരിസരത്തിന്റെ അടുത്തുള്ള വീട്ടിൽ കുളിക്കാൻ കയറുന്ന വെടി , ക്യാമറ പാൻ ചെയ്യുമ്പോൾ അതിന്റെ പരിസരത്തുള്ള തെങ്ങിൽ വലിഞ്ഞു കയറുന്ന ഞരമ്പൻ | |
| **SC: 41**<br><br>Ext. രാത്രി<br><br>അമ്പലപരിസരം | |
| മേളക്കാരൻ സുരേന്ദ്രൻ ഉത്സവം മുടങ്ങിയ കാര്യം അറിയിക്കാൻ നാടകക്കാരുടെ അടുത്ത് വരുന്നു. നാടകം നടക്കാൻ സാധ്യത കുറവാനെന്ന് അവരോടു പറയുന്നു, നടകക്കാർക്കും സന്തോഷം .വിഷമത്തോടെ സുരേന്ദ്രൻ | |
| **SC: 42**<br><br>Ext. രാത്രി<br><br>അമ്പലപരിസരം | |

| | |
|---|---|
| കച്ചംമ്പർ ദാസനും ടീമും ആനക്കാർക്ക് അരികിലേക്ക്, അമ്പിയും ലാലിയും പരസ്പരം നോക്കുന്നു.അടിക്കാൻ മുന്നോട്ട് വരുന്ന ദാസനും ടീമും, അമ്പിയും ലാലിയും ആനെയെ ചുറ്റും കറക്കി ദാസനെയും ഗ്യങ്ങിനെയും പിറകോട്ട് മാറ്റിക്കുന്നു.ആനയുടെ ചങ്ങല ഊരി ആനെയെ ഫ്രീ ആക്കി നിർത്തുന്നു.ആനയെ അങ്ങോട്ടും ഇങ്ങോട്ടും ആക്കി ആളുകളെ മൊത്തത്തിൽ അകറ്റി നിർത്തുന്നു. അവർക്ക് ചുറ്റും മാറി നിക്കുന്ന ദാസനും ടീമും കണ്ണനും ഗ്യങ്ങും ആൾക്കൂട്ടവും | |
| **SC: 43**<br><br>Ext. രാത്രി<br><br>അമ്പലപരിസരം | |
| ഒഴിഞ്ഞ സ്ഥലത്ത് കുട്ടികളുമായി അവിടെ ഇരുന്ന് പാട്ടിന്റെ താളത്തിൽ അടിച്ചു കിറിങ്ങി താളം വയ്ക്കുന്ന സുഭീഷ്, അവിടെ വന്ന് ഒരു പയ്യൻ ആനക്കാരുമായി നാട്ടുക്കാർ പ്രശ്നമുണ്ടായി എന്ന് പറയുന്നു.അത് കേട്ട് സുഭീഷ് സംഭവസ്ഥലത്തേക്ക് ഓടുന്നു,പിന്നാലെ കുട്ടികളും | |

| | |
|---|---|
| **SC: 44**<br><br>Ext. രാത്രി<br><br>അമ്പലപരിസരം | |
| ഒരു സ്ഥലത്ത് മാറി നിന്ന് പ്രശ്നത്തെ കുറിച്ചും പരുപാടി പൊളിഞ്ഞാൽ ആനക്കരാരിൽ മുക്കിയ പൈസയുടെ വിഷയത്തിൽ ഉണ്ടാകാൻ പോകുന്ന പ്രശ്നത്തെ കുറിച്ച് ചർച്ചചെയ്യുന്ന പാട്ടക്കാരൻ ഹരിയും പ്രസിഡന്റും . | |
| **SC: 45**<br><br>Ext. രാത്രി<br><br>അമ്പലപരിസരം | |
| ആനക്കാരെ വീണ്ടും ആക്രമിക്കാൻ നിക്കുന്ന കച്ചംമ്പർ ദാസനും കൂട്ടരും അവിടെ നിന്ന് ആനയുമായി ആളുകളെ വകഞ്ഞു മാറ്റി മുന്നോട്ട് പോകുന്ന ലാലിയും അമ്പിയും,പ്രശ്നം കൂടുതൽ വഷളായികൊണ്ടിരിക്കുന്നു.ഈ സമയത്ത് അവിടേക്ക് വരുന്ന പോലീസ് ജീപ്പ് .വണ്ടി നിർത്തി പുറത്തിറങ്ങുന്ന ASI , ആനയെ അങ്ങോട്ട് മാറ്റി തളക്കാൻ ആനക്കാരോട് ആവശ്യ പെടുന്നു. | |

| | |
|---|---|
| **SC: 45A**<br><br>Ext. രാത്രി<br><br>അമ്പലപരിസരം | |
| പോലീസ് കാര്യം തിരക്കുന്നു,കണ്ണൻ ആനക്കാരെ ചൂണ്ടി ഇവന്മാരെ വിനീതിന്റെ തല അടിച്ചു പൊട്ടിച്ച കാര്യം പറയുന്നു. ആനയുടെ ചങ്ങല അഴിച്ചു പൂരം അലമ്പാക്കിയെന്നും ഇതിനു ഇവന്മാർ ഒരുസമാധനം പറഞ്ഞിട്ട് പോയാ മതി എന്ന് പറയുന്നു.പിണ്ടി കച്ചംബർദാസനെ ചൂട്ടിക്കാട്ടി ദാസേട്ടൻ ഉള്ളത് കൊണ്ടാണ് ഇപ്പോൾ ഈ കാണുന്ന സമാധാനം എന്ന് പറഞ്ഞ് ദാസനെ പോലീസിന്റെ മുന്നിലേക്ക് ഇടുന്നു.ദാസനെ കണ്ടതും ASI സംശയത്തോടെ എ്യ....ഇത് കച്ചമ്പർ ദാസനല്ലേ കൂട്ടത്തിൽ പരതി നോക്കി ഫുൾ ടീം ഉണ്ടല്ലോ എന്ന് പറയുന്നു.<br><br>ASI യെ ഒന്ന് പാളി നോക്കി ദാസനും കൂട്ടരും കൂട്ടയോട്ടം ഓടുന്നു,പിന്നാലെ പോലീസും. | |
| **SC: 46**<br><br>Ext. രാത്രി<br><br>അമ്പലപരിസരം | |

| | |
|---|---|
| ഞരമ്പൻ കയറിയ തെങ്ങിൻ ചുവട്ടിൽ കൊണ്ട് ആനയെ അവർ തളയ്ക്കുന്നു.കുളി കഴിഞ്ഞിറങ്ങുന്ന വെടി.ക്യാമറ പാൻ ചെയ്യുമ്പോൾ തെങ്ങിൻ മുകളിൽ ഇരിക്കുന്ന ഞരമ്പൻ .അവൻ താഴേക്ക് നോക്കുമ്പോൾ ആനയും ആളുകളും, മുകളിൽ കുടുങ്ങുന്ന ഞരമ്പൻ.<br><br>അവിടേക്ക് ഓടി കിതച്ചെത്തുന്ന സുഭീഷും കൂട്ടരും.ആകെ പകച്ചു നിൽക്കുന്ന സുഭീഷ്.ലാലി അമ്പി ASI റിയാക്ഷൻ. | |
| **SC: 47**<br><br>Ext. രാത്രി<br><br>അമ്പലപരിസരം | |
| അവിടെ നിൽക്കുന്ന കൂട്ടത്തിലെ കമ്മിറ്റിക്കാരൻ, മേളം എന്തായാലും അലമ്പി വേഗം പോയി നാടകം തുടങ്ങാൻ പറ അതെങ്കിലും സമയത്തിനു തീർക്കാം എന്ന് പറയുന്നു. ക്യാമറ ഫോക്കസ് ഷിഫ്റ്റ് ചെയ്യുമ്പോൾ പുറകിൽ മേക്കപ്പിൽ നിൽക്കുന്ന സുരേന്ദ്രന്റെ മുഖത്ത് സന്തോഷം . വിഗ്ഗ് കൈകൊണ്ട് മാടി ഒതുക്കി ക്യാമ്പിലേക്ക് ഓടുന്ന സുരേന്ദ്രൻ . | |
| **SC: 48**<br><br>Ext. രാത്രി<br><br>അമ്പലപരിസരം | |

| | |
|---|---|
| സുഭീഷ് സംഭവം നടന്നത് ലാലിയുടെ അടുത്ത് അന്വേഷിക്കാൻ വരുന്നു. ചൂടായി സുഭീഷിനെ ചാടിക്കുന്ന ലാലി. അവിടെ അവിശേഷിക്കുന്ന കണ്ണനും ഗൃങ്ങും വിനീതും ASI യും | |
| **SC: 49**<br><br>Ext. രാത്രി<br><br>**സ്റ്റേജ്** | |
| കുറച്ചു കാണികൾ മാത്രം അങ്ങിങ്ങായി ഇരിക്കുന്നു നാടകം തുടങ്ങുന്നു. | |
| **SC: 50**<br><br>Ext. രാത്രി<br><br>അമ്പലപരിസരം | |
| ആനവണ്ടിക്ക് പുറകിൽ ഇരുന്നു വെള്ളമടിക്കുന്ന കണ്ണനും ഗൃങ്ങും.വിനീതിനെ പറഞ്ഞ സ്ഥലത്ത് കാണാതെ പൂരപ്പറമ്പിലെക്ക് അന്വേഷിച്ച് എത്തുന്ന മീര. തലപൊട്ടിയിരിക്കുന്ന വിനീതിനെ കണ്ടു ഒളിച്ചോട്ടംമുടങ്ങിയ ദേഷ്യത്തിൽ തിരിച്ചു പോകുന്നു. ഒളിച്ചോട്ടം മുടങ്ങിയ ദേഷ്യത്തിൽ മദ്യം മൂക്കുമ്പോൾ ആനവണ്ടിയുടെ ചില്ല് അടിച്ചു പൊട്ടിക്കുന്ന വിനീത്.അവർ ആനക്കാരെ തല്ലാൻ | |

| | |
|---|---|
| പ്ലാൻ ചെയ്യുന്നു. | |
| **SC: 51**<br>Ext. രാത്രി<br>അമ്പലപരിസരം | |
| വണ്ടിയുമായി അവിടേക്ക് വരുന്ന ഏദൻ, ഷർട്ട് മാറിയിരിക്കുന്നു . കുളിച്ചു ഫ്രഷ് ആയിട്ടുണ്ട് | |
| **SC: 51A**<br>Ext. രാത്രി<br>അമ്പലപരിസരം | |
| ഏദൻ ആനെയെ തളച്ച സ്ഥലത്തേക്ക് വരുന്നു. ചുറ്റും നിക്കുന്ന പോലീസിനെയും ആൾക്കാരെയും വകഞ്ഞു മാറ്റി ആനക്കാരുടെ അടുത്ത് വരുന്ന ഏദൻ, മൊത്തത്തിൽ സംഭവം പന്തിയല്ലന്ന് മനസ്സിലാക്കിയ ഏദൻ ലാലിയോടു കാര്യം തിരക്കുന്നു. അപ്പോൾ അമ്പി ഏദനോട് മിണ്ടാതെ ആ മൂലക്ക് പോയി ഇരിക്കാൻ പറയുന്നു. | |

| | |
|---|---|
| **SC: 52**<br><br>Ext. രാത്രി<br><br>സ്റ്റേജ് | |
| സുരേന്ദ്രൻ തകർത്ത് നാടകം കളിച്ചു കൊണ്ടിരിക്കുന്നു , അവരുടെ മുന്നിലൂടെ പായുന്ന കച്ചമ്പർ ദാസനും പിന്നാലെ പോലീസും , ഇത് കണ്ട്കൊണ്ട് കാണികൾക്കിടയിൽ ഇരിക്കുന്ന ഗരുഡൻ സഹഗുണ്ട. | |
| **SC: 53**<br><br>Ext. രാത്രി<br><br>അമ്പലപരിസരം | |
| ഏദൻ ലാലിയേയും അമ്പിയേയും സുഭീഷിനെയും നിരീക്ഷിക്കുന്നു.ആനയുടെ കാലിൽ ചങ്ങലയില്ല മൊത്തത്തിൽ ആനയുമായി ബന്ധപെട്ട വിഷയമാണേന്ന് മനസ്സിലാക്കുന്നു.ഏദന്റെ തൊട്ടടുത്ത് കൂട്ടമായി സംസാരിക്കുന്ന മൂന്നാല് ഫ്രീക്കന്മാരോട് കാര്യം തിരക്കുന്നു. അവന്മാർ പത്ത് പതിനഞ്ചു മിനിറ്റ് കാര്യം വിവരിച്ചിട്ടും അവരുടെ ഭാഷയിൽ കാര്യം മനസ്സിലാകാതെ വന്നപ്പോൾ തൊട്ടടുത്ത നിൽക്കുന്ന കണ്ണൻ ഗ്യാങ്ങിലെ ഒരുവനോട് കാര്യം തിരക്കുന്നു. അയ്യാൾ ഏദനോട് ആരാന്ന് അന്വേഷിക്കുമ്പോൾ ആനക്കാരെ | |

| | |
|---|---|
| ചൂണ്ടി ആ ടീംസ് മൊത്തം നമ്മുടെ ഫ്രെണ്ട്സ് ആണെന്ന് പറയുന്ന ഏദൻ.<br><br>ഏദനെ സൈഡിലൂടെ വലിച്ചു കൊണ്ടുപോകുന്ന കണ്ണന്റെ ഗ്യാങ്ങ് | |
| **SC: 53A**<br><br>Ext. രാത്രി<br><br>അമ്പലപറമ്പിന് പുറത്ത് | |
| ഏദനെ വലിച്ച് ആട്ടി കണ്ണന്റെ ഗ്യാങ്ങ് ചോദ്യം ചെയ്യുന്നു.തലക്ക് കിഴുക്കുന്നു. കാര്യം പറഞ്ഞു തടി ഊരാൻ ശ്രമിക്കുന്ന ഏദൻ. അവിടെ നിൽപ്പൻ അടിക്കുന്ന കുടിയൻ വന്നു ചുമ്മാ തേമ്പിയിട്ട് പോകുന്നു. ഏദന് നല്ല തേമ്പ് കിട്ടുന്നു. | |
| **SC: 54**<br><br>Ext. രാത്രി<br><br>ആനയെ തളച്ച സ്ഥലം. | |
| ലാലിയുടെ ഫോണിലേക്ക് ഏദന്റെ കാൾ വരുന്നു.ഏദൻ കരഞ്ഞു കൊണ്ട് ലാലിയെ വിളിക്കുന്നു.കിച്ചു വരാതെ ഏദനെ വിടില്ല എന്ന് പറയുന്നു ,ഞാൻ വരുന്നില്ലന്നും എങ്ങനെയെങ്കിലും രക്ഷപെട്ടോളാനും പറയുന്ന ലാലി.ഫോൺ കട്ട് ചെയ്ത് അവരെ നോക്കുന്ന ഏദൻ. ഷർട്ട് ആകെ കീറിപറഞ്ഞിരിക്കുന്നു.പെട്ടന്ന് അവിടേക്ക് ഓടു വരുന്ന കച്ചമ്പർ ദാസനും ടീമും പുറകിൽ പോലീസും | |

| | |
|---|---|
| ഇവർക്ക് ചുറ്റുമായി നിന്ന് കിതപ്പ് മാറ്റുന്നു. രണ്ടുപേരേയും നോക്കുന്ന ഏദനും കണ്ണന്റെ ഗ്യങ്ങും.കച്ചമ്പർ പൊടുന്നനെ ലെഫ്റ്റ് എടുത്ത് റൈറ്റ് വെട്ടിച്ച് പോകുന്നു ഒന്നും ആലോചിക്കാതെ ആ ഗ്യാങ്ങിന്റെ കൂടെ ഓടുന്ന ഏദൻ പിറകെ പോലീസുകാരും | |
| **SC: 55**<br>Ext. രാത്രി<br>സ്റ്റേജിന്റെ പുറകിൽ | |
| കണ്ണനും ഗ്യങ്ങും സ്റ്റേജിനറെ പുറകിൽ നിന്ന് ആനയെ കെട്ടിയ സ്ഥലത്തേക്ക് പോകുന്നു. | |
| **SC: 55A**<br>Ext. രാത്രി<br>ആനയെ തളച്ച സ്ഥലം | |
| പിണ്ടിയും ധാരയുകൂടി പോസ്റ്റിൽവലിഞ്ഞു കയറുന്നു,കണ്ണനും വിനീതും ഇരുട്ടിലേക്ക് മറയുന്നു. | |

| | |
|---|---|
| **SC: 56**<br><br>Ext. രാത്രി<br><br>ആനയെ കെട്ടിയ സ്ഥലം | |
| അവിടെ ഏദന് ഇടി കിട്ടിയകാര്യം അമ്പിയോട് പറയുന്ന ലാലി..ഇത് കേട്ട് ഇവിടെ നിന്നാൽ അടികിട്ടും എന്നകാര്യം ഉറപ്പായി സ്കൂട്ടാൻ വേണ്ടി ' ഞാൻ നാടകം കാണാൻ പോയാലോ എന്തായാലും ഉത്സവം മുടങ്ങി .ഞാൻ ആനയെ വണ്ടിയിൽ കയറ്റുമ്പോൾ ജോയിൻ ചെയ്തോളാം 'എന്ന് പറയുന്ന സുഭീഷ് . ലാലി നല്ല പെലയാട്ട് ആട്ടുന്നു. അവിടെ നിന്ന് ചിരിക്കുന്ന സുഭീഷ്.പെട്ടന്ന് കറന്റ് പോകുന്നു. | |
| **SC: 56A**<br><br>Ext. രാത്രി<br><br>ആനയെ കെട്ടിയ സ്ഥലം | |
| കറന്റ് പോയതിനെ തെറി പറയുന്ന സുഭീഷ്. അമ്പി ലാലിയോട് 'എന്തിനാ വള ഊരി അടിക്കാൻ പോയെ ചുമ്മാ'....എന്ന് ചോതിക്കുന്ന അമ്പി. മനപൂർവ്വം ചെയ്തത് അല്ല സംഭവിച്ചു പോയി എന്ന് പറയുന്ന ലാലി. | |

| | |
|---|---|
| **SC: 56B**<br><br>Ext. രാത്രി<br><br>ആനയെ കെട്ടിയ സ്ഥലം | |
| ലാലി നോക്കുമ്പോൾ അവരുടെ അടുത്തേക് 2 തീ പന്തങ്ങൾ വേഗതയിൽ അടുക്കുന്നു.അമ്പിയും ലാലിയും പരസ്പരം നോക്കുന്നു.അവരുടെ ഇരുവശങ്ങളിൽ നിന്നും തീ പന്തവുമായി ചാടി വീഴുന്ന പിണ്ടിയും ധാരയും.ഒച്ച വയ്ക്കുന്ന സുഭീഷ്.കണ്ണനും ഗ്യങ്ങുമായി ലാലിയും അമ്പിയും പൊരിഞ്ഞ അടി നടക്കുന്നു. തീ പന്തം കണ്ടു പേടിച്ചു അലറുന്ന ആനയും അതിനെക്കാൾ ഒച്ചത്തിൽ കരയുന്ന സുഭീഷും.അടി കിട്ടിya പിണ്ടി അതിലേക്ക് കൂടുതൽ ആളുകളെ കൊണ്ടുവരുന്നു.അവിടെ നിന്നും ആനയെ കെട്ടഴിച്ച് പൂരപ്പറമ്പിലേക്ക് ഓടുന്ന അമ്പിയും ലാലിയും സുഭീഷും.അവരുടെ ഒപ്പം ഓടുന്ന ആനയും. | |
| **SC: 57**<br><br>Ext. രാത്രി<br><br>സ്റ്റേജ് | |

| | |
|---|---|
| സ്റ്റേജിൽ നാടകം തകർത്ത് കളിക്കുന്ന സുഗ്രീവൻ.ചിരിച്ച് കൊണ്ട് നൃത്തം കളിക്കുന്ന സുഗ്രീവന്റെ മുഖഭാവം മാറുന്നു.സ്റ്റേജിനു എതിരെ ഓടി വരുന്ന ആന.ഇരുവശങ്ങളിലും ആയി അമ്പിയും ലാലിയും, പുറകെ തോട്ടിയുമായി സുഭീഷും.അവരുടെ പിറകിൽ പന്തവുമായി ഓടി അടുക്കുന്ന കണ്ണനും ഗ്യങ്ങും.ആളുകളും കുട്ടികളും ഒച്ചയിടുന്നു.നാടകപറമ്പിന്റെ ഒത്ത നടുവിൽ എത്തുമ്പോൾ ആനയെ പിടിച്ചു കണ്ണനും ഗ്യങ്ങിനും എതിരെ തിരിക്കുന്ന അമ്പി.ആന തിരിഞ്ഞതും അവർക്കെതിരെ വട്ടം കൂടുന്ന കണ്ണനും ഗ്യങ്ങും . പകച്ചു നിൽക്കുന്ന പ്രസിഡന്റ് , ഹരി ,ASI. ആനയെ അങ്ങോട്ടും ഇങ്ങോട്ടും ഒലച്ചു കണ്ണനെയും ഗ്യങ്ങിനെയും അകറ്റുന്ന അമ്പിയും ലാലിയും. ലാലി ചാടി ആനപ്പുറത്ത് കയറുന്നു. തോട്ടിയും വാക്കത്തിയും ആയി കണ്ണ്നേം ഗ്യങ്ങിനേം നേരിടുന്ന അമ്പിയും സുഭീഷും.ആനയെ വട്ടം കറക്കി സ്റ്റേജിന് ചുറ്റും കണ്ണനേം ഗ്യങ്ങിനേം ഓടിക്കുന്ന ലാലി.പൊരിഞ്ഞ അടി നടക്കുന്നു.സർവ്വ ശക്തിയും എടുത്ത് ഇരുകാലും പൊന്തിച്ച് ആന ചിന്നം വിളിക്കുന്നു.ആനയുടെ ശക്തമായ ചിന്നം വിളിയിൽ നിഷ്ബ്ദർ ആകുന്ന കണ്ണനും ഗ്യങ്ങും പൂരപ്പരമ്പും.സർവ്വ ഗാഭീര്യത്തിൽ പൂരപ്പറമ്പിന് നടുവിൽ ആനയും ആനക്കാരും.അവിടേക്ക് വരുന്ന പോലീസ് പരിവാരങ്ങൾ.ആ ജീപ്പിൽ ഇരുന്നു ഇതൊക്കെ ദയനീയമായി നോക്കുന്ന ദാസൻ. | |

| | |
|---|---|
| **SC: 58**<br>Int.പകൽ<br>പോലീസ് സ്റ്റേഷൻ | |
| ടെയിൽ എന്റ് | |
| | |
| | |
| | |